No. CEE4600/2019/KEAM-2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM- 2020

## മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സ് ഒഴികെ) രണ്ടാം ഘട്ട ഓൺലൈൻ മോപ് അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സ് ഒഴികെയുള്ള മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് 15.02.2021 ന് പ്രസിദ്ധീകരിച്ച ഒന്നാം ഘട്ട മോപ് അപ്പ് അലോട്ട്മെന്റിനുശേഷം വന്ന ഒഴിവുകളിലേയ്ക്കുള്ള അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ ഫീസ് അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളത് **23.02.2021 മുതൽ 24.02.2021 വൈകിട്ട് 3.00 മണി വരെ** തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **24.02.2021, വൈകിട്ട് 3.00** മണിയ്ക്കുള്ളിൽ പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No.25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ടുമെന്റ് മെമ്മോ, പ്രോസ്പെക്ടസ്സ് ക്ലോസ്

11.7.1 പ്രകാരമുള്ള മറ്റു രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം കോളേജുകൾ 24/02/2021 വൈകുന്നേരം 4 മണിയ്ക്കകം OAMS വഴി നൽകേണ്ടതാണ്. വിദ്യാർത്ഥികൾ 'Candidate Portal' ൽ ലോഗിൻ ചെയ്ത് അവരവരുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കേണ്ടതാണ്.

നിലവിൽ മുൻ അലോട്ട്മെന്റ് പ്രകാരം മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ മോപ് അപ്പ് കൗൺസിലിംഗ് പ്രകാരം അലോട്ടമെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാകുന്നതാണ്. മോപ് അപ് അലോട്ട്മെന്റിനുശേഷവും ഒഴിവുകൾ വരുന്ന പക്ഷം അവ അതാത് കോളേജുകൾ നികത്തുന്നതായിരിക്കും. ഇത് സംബന്ധിച്ച വിശദാംശം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**കുറിപ്പ്:** മോപ്പ് അപ് അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം നേടാത്ത വിദ്യാർത്ഥികളെയും മോപ്പ് അപ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ടുമെന്റിലൂടെയോ പ്രവേശനം ലഭിച്ചിട്ട് സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളെയും തുടർന്നുള്ള അലോട്ടുമെന്റ് നടപടികളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതും അതോടൊപ്പം ലിക്വിഡേറ്റഡ് ഡാമേജസ്, KEAM - 2020 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c)(ii) വ്യവസ്ഥ പ്രകാരം ബാധകമാക്കുകയും ചെയ്യുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
22.02.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**